നശീകരണ പ്രവർത്തനങ്ങൾ ശക്തമായിത്തന്നെ നടത്തിവരുന്നു. ഇതര വകുപ്പുകളുടെ സഹകരണവും പൊതുജന പങ്കാളിത്തവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. ഇതിന് വേണ്ടിയുള്ള പ്രത്യേക മീറ്റിംഗുകളും അവലോകന യോഗങ്ങളും നിരീക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ കൊതുക് കടിയേല്ക്കാതിരിക്കാനുള്ള വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ സന്നദ്ധ പ്രവർത്തകർവഴി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി മലമ്പനിരോഗം പൂർണ്ണമായും നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്.

മലപ്പുറത്തെ പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം

49 (T4852) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് അനുവദിച്ച പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേന്ദ്രം താൽക്കാലിക കെട്ടിടത്തിൽ ആരംഭിക്കുന്നതിന് ഇനിയും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത് ; വിശദാംശം നൽകുമോ ;

(സി) ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കി ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ പബ്ലിക് ഹെൽത്ത് ലാബിന് അനുവദിച്ച കെട്ടിടത്തിന് 22 ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തികൾ നടത്തി ലാബിന് അനുയോജ്യമായി ക്രമീകരിക്കുകയും കെട്ടിടം പൂർത്തീകരിച്ച് താക്കോൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രത്തിന് അനുവദിച്ചത് താൽക്കാലിക കെട്ടിടമല്ല. സിവിൽ സ്റ്റേഷനിലെ പഴയ കൃഷി ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടമാണ് ജില്ലാ കളക്ടർ പബ്ലിക് ഹെൽത്ത് ലാബിനുവേണ്ടി അനുവദിച്ചിരിക്കുന്നത്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ഡി) തസ്തികകൾ സൃഷ്ടിക്കുന്നമുറയ്ക്ക് ലാബിന്റെ പ്രവർത്തനം തുടങ്ങാവുന്നതാണ്.

നിർബന്ധിത ഗ്രാമീണ സേവനം

50 (4853) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജിൽനിന്ന് പഠനം പൂർത്തിയാക്കിവരുന്ന ഡോക്ടർമാർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർബന്ധിത ഗ്രാമീണ സേവനം വേണമെന്ന ഉത്തരവ് നൽകിയിരുന്നോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) നിർബന്ധിത ഗ്രാമീണ സേവന ഉത്തരവ് ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ;

(സി) കാസർഗോഡ് പോലെയുള്ള പിന്നോക്ക ജില്ലകൾക്ക് വലിയൊരു അനുഗ്രഹമായിരുന്ന ഗ്രാമീണ സേവന ഉത്തരവ് പിൻവലിച്ചതുമൂലം ഗ്രാമങ്ങളിലെ പി.എച്ച്.സി. കളിൽ ഡോക്ടർമാരുടെ സേവനം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മെഡിക്കൽ കോളേജുകളിൽ പഠിച്ചിറങ്ങുന്ന ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവന ഉത്തരവ് പുനഃസ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജിൽനിന്നും പഠനം പൂർത്തിയാക്കിവരുന്ന ഡോക്ടർമാർക്ക് നിർബന്ധിത ഗ്രാമീണ സേവനം വേണമെന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 7-10-2008-ലെ സ.ഉ.(എംഎസ്)നമ്പർ533/2008 ആ.കു.വ, 13-7-2009-ലെ സ.ഉ. (എംഎസ്.) നമ്പർ 248/2009/ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 8-10-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 333/2012/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജിൽനിന്നും പഠനം പൂർത്തിയാക്കുന്ന ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണ സേവനം ഒഴിവാക്കി

LIBRARY ARCHIVES Kerala Legislative Assembly